## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 503 — 23/07/2015-ൽ മറുപടിക്ക്

## ആദിവാസി മേഖലയിലെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ :<br>,, എം.ചന്ദ്രൻ :<br>,, എസ്.രാജേന്ദ്രൻ :<br>,, പുരുഷൻ കടലുണ്ടി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽ ചെലവിട്ട തുകയ്ക്ക് ആനുപാതികമായി ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) (ബി) | ഉണ്ട്.<br>ആദിവാസി മേഖലയിൽ ജീവിത സാഹചര്യങ്ങളിലുണ്ടായ പുരോഗതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയ്ക്ക് അനുവദിക്കപ്പെട്ട സംഖ്യയുടെ ചെലവിടലിന്റെ ഭാഗമായി വിവിധ ജീവിത സാഹചര്യങ്ങളിലുണ്ടായ ജീവിത പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | ആദിവാസികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ധനം യഥാവിധി ഉപയോഗപ്പെടുന്നുണ്ടെങ്കിൽ, ഇത്തരം സാഹചര്യത്തിൽ ആദിവാസികൾ ഇപ്പോഴും ദുരിതമനുഭവിക്കേണ്ടി വരുമായിരുന്നു എന്ന് കരുതുന്നുണ്ടോ; | (സി) | പട്ടികവർഗ്ഗക്കാരിലെ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. ഈ പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.<br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകുപ്പിനു നൽകുന്ന പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടെ തുക അവർക്കുതന്നെ ഉപയോഗപ്രദമാകുന്ന രീതിയിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും പട്ടിവർഗ്ഗക്കാരെ മുഖ്യധാരയിലെത്തിക്കുന്നതിൽ വകുപ്പ് അതിപ്രധാനമായ സ്ഥാനം വഹിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. വർഷാവർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭൗതിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്താണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. ഏതെങ്കിലും സാഹചര്യങ്ങളിൽ പട്ടികവർഗ്ഗക്കാർ ദുരിതം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു. |
| (ഡി) | എങ്കിൽ ഏത് തരത്തിലാണ് ഇതിന് വീഴ്ച വരുന്നതെന്ന് അന്വേഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കുന്നില്ല. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് സ്ഥായിയായ വരുമാനം ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

**വിദ്യാഭ്യാസം:**

ആദിവാസി മേഖലയിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടി പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ടി പദ്ധതികൾ മുഖേന ചെലവിട്ട തുകയ്ക്ക് ആനുപാതികമായി ടി വിഭാഗക്കാരുടെ ജീവിതസാഹചര്യങ്ങളിലുണ്ടായ പുരോഗതി അതാത് സമയത്തുതന്നെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ പോസ്റ്റ്മെട്രിക്/പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കായി വകുപ്പ് നടത്തുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ്മെട്രിക് പഠനം

10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെയുള്ള കോഴ്സുകൾക്ക് പോസ്റ്റ്മെട്രിക് തലത്തിൽ പ്രതിവർഷം 10000ത്തോളം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ടി വിദ്യാർത്ഥികൾക്കെല്ലാം തന്നെ അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും ആയത് വിലയിരുത്തുന്നതിനുംവേണ്ടി വിദ്യാർത്ഥികളുടെ ആധാർ മുഖേനയുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് വെബ്സൈറ്റ് മുഖേന 2010 മുതൽ വിതരണം ചെയ്തുവരുന്നു. ടി വിദ്യാഭ്യാസാനുകൂല്യങ്ങൾ കൃത്യമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നവോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന വിലയിരുത്തുകയും പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് വിവിധ വകുപ്പുകളുടെ കീഴിൽ നടത്തുന്ന ഗവൺമെന്റ് അംഗീകൃത കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് വേണ്ടി പ്രചാരണം വകുപ്പിന്റെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ മുഖേന നടത്തുകയും ചെയ്യുന്നു. കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിവിധ ജോലി സാധ്യതയുള്ളവരും ഉന്നത നിലവാരമുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് മുന്നോട്ട് വരുന്നത് ഇവരുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടായ പുരോഗതി കൊണ്ടാണ്. കൂടാതെ പ്ലസ് ടു കഴിഞ്ഞുള്ള തുടർ പഠനത്തിനായി മുൻ വർഷങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളും അദ്ധ്യയന മേഖലകളിൽ ഐ.റ്റി.ഐ. തലത്തിലുള്ള കോഴ്സുകളുമാണ് തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ കൂടുതൽ വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ്, മെഡിക്കൽ, നേഴ്സിംഗ്, ഫാഷൻ ടെക്നോളജി, സിവിൽ സർവ്വീസ്, എം.ബി.എ. പോലുള്ള കോഴ്സുകളിൽ പ്രവേശനം നേടാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത സാഹചര്യത്തിലുായ പുരോഗതി വ്യക്തമാക്കുന്നു.

2. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ക ണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ് മുതലുള്ള തുടർപഠനത്തിന് വിവിധ വിദ്യാഭ്യാസ സഹായങ്ങൾ പത്താം ക്ലാസ് വരെ വിതരണം ചെയ്യുന്ന ടി പദ്ധതിയിൽ ഓരോ അദ്ധ്യയന വർഷവും 1200 ഓളം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കി വരുന്നു. അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 5,900/ രൂപയും ആറ് മുതൽ പത്ത് വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 4,900/ രൂപയും സ്കോളർഷിപ്പായി വിതരണം ചെയ്യുന്ന ടി പദ്ധതിയിലെ പ്രവേശന പരീക്ഷയ്ക്ക് ഓരോ വർഷവും കൂടുതൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുന്നു

എന്നതിനും ഇവരുടെ ജീവിത നിലവാരത്തിലുണ്ടായ പുരോഗതിയും വ്യക്ത മാക്കുന്നു.

3. പട്ടികവികസനവകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ എല്ലാ വർഷവും ആകെ ഏഴായിരത്തോളം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പ്രതിവർഷം ഏകദേശം ആയിരത്തോളം എസ്എസ്എൽസി / +2 വിദ്യാർത്ഥികൾ പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നു. പ്രസ്തുത ഒഴിവുകളിലേക്ക് ഏകദേശം അത്രയും തന്നെ വിദ്യാർത്ഥികൾക്ക് പുതിയതായി ഹോസ്റ്റലിൽ പ്രവേശനം നൽകുന്നു.

4. ഇതിന് പുറമെ സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏകദേശം 5500-ഓളം വിദ്യാർത്ഥികൾ പഠനം നടത്തുന്നു. കഴിഞ്ഞ 4 വർഷം (2011-12 മുതൽ) ഏകദേശം രണ്ടായിരത്തി മുന്നൂറോളം വിദ്യാർത്ഥികൾ എസ്എസ്എൽസി പരീക്ഷ എഴുതുകയും രണ്ടായിരത്തി ഇരുന്നൂറ്റമ്പതോളം വിദ്യാർത്ഥികൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

5. 2011-12 മുതൽ ഏകദേശം 1200 വിദ്യാർത്ഥികൾ +2 പഠനം കഴിഞ്ഞ് വകുപ്പിന്റെ എം.ആർ.എസ് കളിൽ നിന്നും പുറത്തിറങ്ങിയിട്ടുണ്ട്. ഇവയിൽ 80 ശതമാനത്തോളം വിജയശതമാനമുണ്ട്.

6. എസ്എസ്എൽസി/+2 വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക, പരാജിതരായ എസ്എസ്എൽസി, +2, ഡിഗ്രി വിദ്യാർത്ഥികൾക്ക് പരീക്ഷ വിജയിക്കുന്നതിൽ ട്യൂഷൻ നൽകുക എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 22000/ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ 4 വർഷത്തിനിടയിൽ ട്യൂട്ടോറിയൽ പദ്ധതി മുഖാന്തിരം ധനസഹായം നൽകിയിട്ടുണ്ട്.

7. പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ സൗജന്യ മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 216 വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന സൗജന്യ എൻട്രൻസ് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 67 വിദ്യാർത്ഥികൾക്ക് എൻജിനീയറിംഗ്, എംബിബിഎസ്, ബിഡിഎസ് അനുബന്ധ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. കൂടാതെ എൻജിനീയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷക്ക് മുന്നോടിയായി കഴിഞ്ഞ 4 വർഷം 250 വിദ്യാർത്ഥികൾക്ക് ഒരു മാസം നീണ്ട നില്ക്കുന്ന ക്രാഷ് കോഴ്സ് സംഘടിപ്പിച്ചിട്ടുണ്ട്. ഈ രണ്ട് പരിശീലന പരിപാടികളും എൻട്രൻസ് പരിശീലന രംഗത്ത് കേരളത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനം മുഖാന്തിരമാണ് നൽകിയത്.

8. പോസ്റ്റ് മെട്രിക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കായി 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിന്നും കഴിഞ്ഞ 4 വർഷത്തിനിടയിൽ 600 വിദ്യാർത്ഥികൾക്ക് സൗജന്യ താമസ ഭക്ഷണ സൗകര്യം നല്കിയിട്ടുണ്ട്.

9. കൂടാതെ അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ് എന്നിവ നൽകുന്നു. കഴിഞ്ഞ 4 വർഷം 1500-ഓളം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

10. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശനിയമം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നിലകൊള്ളുന്ന ഏകാധ്യാപക സ്കൂളുകൾ , പെരിപ്പതറ്റിക് സെന്ററുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തിരം ടി വിഭാഗത്തിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിൽ വ്യക്തമായ പുരോഗതി കൈവരിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ഗോത്രസാരഥി പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 16085 വിദ്യാർത്ഥികൾക്കും 2014-15 സാമ്പത്തിക വർഷം 9360 കുട്ടികൾക്കും സ്കൂളിലെത്തുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുക വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് 99% കുറക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രിമെട്രിക് സ്കോളർഷിപ്പുകൾ സമയബന്ധിതമായി അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും നൽകുന്നതും പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിൽ പുരോഗതി വരുത്തി യിട്ടുണ്ട്. (2014-15 വർഷം 89261 കുട്ടികൾക്ക് പ്രിമെട്രിക് സ്കോളർഷിപ്പ് നൽകിയിട്ടു ണ്ട്). പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനസഹായിയായി ലാപ്ടോപ്പ് അനുവദിച്ച് വരുന്നു ണ്ട്.

**ആരോഗ്യം : -**

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട രോഗബാധിതർക്ക് എപി എൽ/ ബിപിഎൽ ഭേദമന്യേ 10000/- രൂപ വരെയും, നിലവിലെ മാനദണ്ഡപ്രകാരം അർഹരായ ബിപിഎൽ രോഗികൾക്കെല്ലാം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ സമയബന്ധിതമായി നൽകി വരുന്നുണ്ട്. കൂടാതെ സിക്കിൾ സെൽ അനീമിയ ബാധിതരായ 593 രോഗികൾക്ക് പ്രതിമാസം 1000/- രൂപ വെച്ച് നൽകി വരുന്നുണ്ട്. 50000/- രൂപയിൽ അധികം ചികിൽസ ചെലവ് വരുന്ന രോഗങ്ങൾക്ക് വിശദമായ ചികിൽസ ലഭ്യമാക്കുന്നതിന് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ആർസിസി, എംസിസി, പരിയാരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ എന്നിവയിൽ ചികിൽസ തേടുന്നവർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചികിത്സ ചെലവ് വഹിക്കുന്നതിന് അനുമതി നൽകി വരുന്നു.

കൂടാതെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളുടെയും, നവജാത ശിശുക്കളുടെയും ആരോഗ്യ സംരക്ഷണാർത്ഥം 18 മാസക്കാലം പ്രതിമാസം 1000/- രൂപാ വീതം നൽകി വരുന്നു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 9378 ഗർഭിണികൾ ടി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ടി പദ്ധതിപ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളുടെയും, നവജാതശിശുക്കളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിൽ വകുപ്പ് വിജയം കൈവരിച്ചിട്ടുണ്ട്.

**ഭക്ഷ്യ സഹായ്പദ്ധതി.**

പട്ടികവർഗ്ഗവികസന വകുപ്പ് പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് വേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് ഭക്ഷ്യസഹായപദ്ധതി. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടി പദ്ധതിക്കായി ചെലവിട്ട തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 2011-12 | 150 | 139.44 |
| 2012-13 | 165 | 164.63 |
| 2013-14 | 195 | 178.33 |
| 2014-15 | 400 | 398.27 |

**കുടിവെള്ള പദ്ധതി :** പട്ടികവർഗ്ഗ മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ തയ്യാറാക്കുന്ന പദ്ധതികൾ, ജില്ലാ/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കി വരുന്നു. കോളനികൾക്ക് ആവശ്യമായ പൊതുകിണറുകൾ /കുഴൽക്കിണറുകൾ എന്നിവ ഓരോ മേഖലയുടെയും ജലലഭ്യത അനുസരിച്ച് നടപ്പിലാക്കി വരുന്നു.

ഇവ കൂടാതെ വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് കൂടുതലായി വീടുകൾ നിർമ്മിച്ച് കൊടുത്തും, ഭൂമിയില്ലാത്തവർക്ക് ഭൂമി അനുവദിച്ച് കൊടുത്തും, പുതിയ ജീവിതോപാധിക്കായുള്ള മാർഗ്ഗങ്ങൾ അവലംബിച്ചും പട്ടികവർഗ്ഗക്കാരുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി പ്രവർത്തനം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ